**"ഭരണഭാഷ - മാതൃഭാഷ"**

## നടപടിത്തീർപ്പ്

ഡി.ഒ.കെ.ജി.ഡി. - ജീവനക്കാര്യം - ശ്രീ. രാഗേഷ് ആർ., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 പൂർവ്വ നാമം എൽ.ഡി. കമ്പയിലർ / ഇൻവെസ്റ്റിഗേറ്റർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് - അച്ചടക്ക നടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജില്ലാ ഓഫീസ്,**
**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,**
**ജില്ലാ ആസൂത്രണ സമിതി കാര്യാലയം, സിവിൽസ്റ്റേഷൻ,**
**വിദ്യാനഗർ (പി.ഒ), കാസറഗോഡ് 671123**

**ഫോൺ : 04994 293430**
e-mail : ecostatksd@gmail.com
ddksd.des@kerala.gov.in

---

**നമ്പർ എ3.885/2020/ഡിഒകെജിഡി** **തീയ്യതി : 02.05.2023**

---

പരാമർശം :- (1) സ.ഉ (സാധാ) നം. 286/2005/ ആ.സാ.വ. , തീയ്യതി : 08.08.2005
(2) സ.ഉ (സാധാ) നം. 341/2010/ ആ.സാ.വ. , തീയ്യതി : 23.09.2010
(3) സ.ഉ (സാധാ) നം. 380/2010/ പ്ലാനിംഗ്. , തീയ്യതി : 21.10.2010
(4) സ.ഉ. (അച്ചടി) നം. 152/2020/ധന., തീയ്യതി : 05.11.2020
(5) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 06.08.2015 തീയ്യതിയിലെ ഇഎ (3)19838/2015/ഡിഇഎസ് നം. ഉത്തരവ്
(6) ഈ ഓഫീസിലെ 23.07.2022 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ
(7) ഈ ഓഫീസിലെ 06.03.2023 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

---

കാസറഗോഡ് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പൂർവ്വ നാമം എൽ.ഡി. ഇൻവെസ്റ്റിഗേറ്റർ / കമ്പയിലർ) ആയി ജോലിയിൽ പ്രവേശിച്ച താങ്കൾക്ക് 17.08.2005 മുതൽ 16.08.2015 വരെ 10 വർഷത്തേക്കും പിന്നീട് 17.08.2015 മുതൽ 16.08.2020 വരെ 5 വർഷത്തേക്കും വിവിധ പരാമർശ ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A ക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

പ്രസ്തുത അവധിക്ക് ശേഷം 17.08.2020 ന് താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ തുടർന്നും 5 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ച് തരുവാൻ താങ്കൾ 16.07.2020 ന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നും എത്രയും വേഗം തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്നുമുള്ള വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം താങ്കളെ യഥാവിധി അറിയിച്ചിരുന്നു. എന്നാൽ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ബുദ്ധിമുട്ട് അറിയിച്ചതിൻ പ്രകാരം താങ്കളുടെ ബുദ്ധിമുട്ടുകൾ പരിഗണിക്കുന്നതിനായി നിലവിലുള്ള തൊഴിൽ ദാതാവുമായി ഏതെങ്കിലും രീതിയിലുള്ള കാരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ താങ്കൾക്ക് വ്യക്തമായ നിർദ്ദേശം ആവർത്തിച്ച് നൽകുകയുണ്ടായി. എന്നാൽ നിലവിലുള്ള തൊഴിൽ ദാതാവുമായി തൊഴിൽ കരാർ ഉടമ്പടി നിലവിലില്ല എന്ന് അറിയിച്ചുകൊണ്ട് പകരം ഒരു സാക്ഷ്യപത്രം മാത്രമാണ് താങ്കൾ ഹാജരാക്കിയത്. ഈ സാഹചര്യത്തിൽ അനുബന്ധം എച്ച്. 4 നോട്ടീസ് വകുപ്പ്തല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അച്ചടക്ക നടപടി ആരംഭിച്ചത് സംബന്ധിച്ച വിവരം മുഖ്യധാരാ



Generated from eOffice by ARUN O V, COMP2 DES, COMP2 DES, DES on 19/05/2023 01:13 PM

ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുകയും 08.02.2023 ലെ മാതൃഭൂമി, 09.02.2023 ലെ ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ശ്രീ. രാഗേഷ് ആർ. എന്ന താങ്കൾ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ കൈപ്പറ്റിയിരുന്നുവെങ്കിലും ആയതിനുള്ള മറുപടി നിശ്ചിത സമയപരിധിക്കകം തരികയോ ഓഫീസിൽ നേരിട്ട് ഹാജരാവുകയോ ചെയ്തിട്ടില്ല. നിലവിലുള്ള തൊഴിൽ ദാതാവുമായി കരാർ ഉടമ്പടി നിലവിലില്ലാത്ത സാഹചര്യത്തിൽ അവധി ദീർഘിപ്പിച്ചുതരണമെന്നുള്ള താങ്കളുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ താങ്കളെ സേവനത്തിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്യുവാൻ തീരുമാനിക്കുകയും, ഇതിനെതിരായി ടി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം (7) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

എന്നാൽ ടി നോട്ടീസ് കൈപ്പറ്റി നാളിതുവരെ താങ്കളിൽ നിന്നും മറുപടി ലഭിക്കുകയോ താങ്കൾ ഈ ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ, ഓഫീസിൽ ഹാജരാവുകയോ ചെയ്തിട്ടില്ല.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ നേരിട്ട് ഹാജരാവുകയോ, പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ നൽകാത്ത സാഹചര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ചുവടെ പറയും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ. രാഗേഷ് ആർ., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പൂർവ്വ നാമം എൽ.ഡി. ഇൻവെസ്റ്റിഗേറ്റർ / കമ്പയിലർ) എന്നവരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A പ്രകാരവും സർവ്വീസിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്തുകൊണ്ടുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 17.08.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തതായി ഉത്തരവാകുന്നു.

ജില്ലാ ഓഫീസ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് കാസറഗോഡ് പിൻ: 671 123

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്,

ശ്രീ. രാഗേഷ് ആർ.,
കെ.പി.23/361എ,
ശുഭരാഗം, ചിറ്റാഴ,വട്ടപ്പാറ പി.ഒ.
തിരുവനന്തപുരം - 695028

പകർപ്പ്: (1) ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം)
അറിവിലേക്കും വകുപ്പുതല വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി.
(2) ജില്ലാ ഓഫീസർ / അഡീഷണൽ ജില്ലാ ഓഫീസർ / റിസർച്ച് ഓഫീസർ (മേശപ്പുറം)
(3) എ1 സെക്ഷൻ.
(4) സ്റ്റോക്ക് ഫയൽ.



Generated from eOffice by ARUN O V, COMP2 DES, COMP2 DES, DES on 19/05/2023 01:13 PM